**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 172</u>** **<u>30-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>മഞ്ഞപ്പിത്തം ബാധിച്ചുള്ള മരണം വർദ്ധിക്കുന്ന സാഹചര്യം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീമതി ഉമ തോമസ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മഞ്ഞപ്പിത്തം ബാധിച്ചുള്ള മരണം ക്രമാതീതമായി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് മഞ്ഞപ്പിത്തം ബാധിച്ചുള്ള മരണം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് വളരെ ഗൗരവത്തോടെ കാണുന്നുണ്ട്. ഹെപ്പറ്റൈറ്റിസ്-എ എന്നത് ജലത്തിലൂടെയും ഭക്ഷണത്തിലൂടെയും പകരുന്ന ഒരു സാംക്രമിക രോഗമാണ്. ഹെപ്പറ്റൈറ്റിസ് -എ വ്യാപിക്കുന്നതിന്റെ പ്രധാന കാരണങ്ങളിൽ ചുവടെ പറയുന്നവ ഉൾപ്പെടുന്നു.<br>• മലിനമായ വെള്ളത്തിന്റെയും ഭക്ഷണത്തിന്റെയും ഉപയോഗം<br>• രോഗബാധിതരായ വ്യക്തികൾ തയ്യാറാക്കിയതും കൈകാര്യം ചെയ്യുന്നതുമായ ഭക്ഷണ പാനീയങ്ങളുടെ ഉപയോഗം<br>• പൊതുശുചിത്വം പാലിക്കുന്നതിലുള്ള അപാകതകളും മോശമായ ശുചിത്വ ശീലങ്ങളും<br>• രോഗബാധിതരായ വ്യക്തികളുമായി അടുത്ത ബന്ധം പുലർത്തുക<br>• രോഗബാധിത പ്രദേശങ്ങളിലേയ്ക്ക് യാത്ര ചെയ്യുക, മലിനമായ ജലം, ഭക്ഷണം എന്നിവയുടെ ഉപഭോഗം<br>• രോഗബാധിത പ്രദേശങ്ങളിൽ നിന്നുള്ള അതിഥി തൊഴിലാളികൾക്കും ഹെപ്പറ്റൈറ്റിസ് -എ അണുബാധ സമൂഹത്തിൽ പകർത്താൻ കഴിയും.<br><br>മേൽപ്പറഞ്ഞ ഘടകങ്ങളെല്ലാം കേരളത്തിൽ അടുത്തിടെയുണ്ടായ ഹെപ്പറ്റൈറ്റിസ് എ രോഗബാധയ്ക്ക് കാരണമായിട്ടുണ്ട്. നമ്മുടെ ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടാതെ സൂക്ഷിക്കേണ്ടതും തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കേണ്ടുന്നതും വളരെ അത്യാവശ്യമാണ്. ഹെപ്പറ്റൈറ്റിസ്-എ ബാധിക്കുമ്പോൾ കൂടുതൽ പേരും |

| | | | |
|---|---|---|---|
| | | | ഗുരുതരാവസ്ഥയിലേയ്ക്ക് കടക്കാതെ രോഗമുക്തി നേടുന്നുണ്ട്. എന്നാൽ കരൾരോഗവും മറ്റ് ഗുരുതരരോഗങ്ങളും ഉള്ളവർക്ക് മരണം വരെ സംഭവിക്കുന്നുണ്ട്.<br><br>ഹെപ്പറ്റൈറ്റിസ്-എ ബാധിച്ച് കരളിന്റെ പ്രവർത്തനം തടസ്സപ്പെടുമ്പോൾ ചുരുക്കം വ്യക്തികളിൽ Liver Failure എന്ന അവസ്ഥയും മരണം വരെയും സംഭവിക്കുന്നു. ഇത്തരം വ്യക്തികളെ രക്ഷിക്കുന്നതിന് വേണ്ടി Plasma Exchange പോലുള്ള ചികിത്സാ സംവിധാനങ്ങൾ മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി ഡോക്ടർമാർക്ക് വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. |
| (ബി) | ഇത് തടയുന്നതിനായി പഞ്ചായത്തുകളെ ഏകോപിപ്പിച്ചുകൊണ്ട് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | ഹെപ്പറ്റൈറ്റിസ്-എ തടയുന്നതിനായി പഞ്ചായത്തുകളെ ഏകോപിപ്പിച്ചുകൊണ്ട് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ഹെപ്പറ്റൈറ്റിസ്-എ തടയുന്നതിനായി പഞ്ചായത്തുകളെ ഏകോപിപ്പിച്ചുകൊണ്ട് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ**

ഹെപ്പറ്റൈറ്റിസ്-എ പോലുള്ള ജലജന്യ രോഗങ്ങളുടെ പ്രതിരോധത്തിനായി ആരോഗ്യ ജാഗ്രത കലണ്ടർ പ്രകാരമുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഫീൽഡ് ലെവലിൽ നടന്നുവരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ തുടങ്ങി മറ്റു വകുപ്പുകളുടെ സമഗ്രമായ സഹകരണത്തോടെ ജലസ്രോതസ്സുകളുടെ മലിനീകരണം ഒഴിവാക്കുന്നതിനും ജലസ്രോതസ്സുകൾ അണുവിമുക്തമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

2025 ൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും കീഴിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലുള്ള മൈക്രോപ്ലാൻ തയ്യാറാക്കുകയും തദ്ദേശ സ്വയംഭരണ വകുപ്പിനോട് ചേർന്ന് ആരോഗ്യ വകുപ്പ് പ്രവർത്തിക്കുകയും ചെയ്തുവരുന്നു. ഇതുകൂടാതെ വീടുകളിലെയും മറ്റ് സ്ഥാപനങ്ങളിലെയും കിണറുകളും ടാങ്കുകളും ക്ലോറിനേഷൻ നടത്തുകയും residual ക്ലോറിൻ കൃത്യമായ അളവിൽ ഉണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നുണ്ട്.

ഹെൽത്തി കേരള ക്യാമ്പയിനിന്റെ ഭാഗമായി മാസത്തിലെ രണ്ടാമത്തെ ചൊവ്വാഴ്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഓൾഡ് ഏജ് ഹോമുകൾ, കെയർ ഹോമുകൾ എന്നിവ പരിശോധിക്കുകയും അവിടത്തെ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും കൂടാതെ ഭക്ഷണം കൈകാര്യം ചെയ്യുന്ന ജോലിക്കാർക്ക് ഹെൽത്ത് കാർഡ് ഉണ്ടോ എന്ന് പരിശോധിക്കുകയും ചെയ്തുവരുന്നു. ഇതു കൂടാതെ എല്ലാ മൂന്നാമത്തെ ചൊവ്വാഴ്ചയും ഹോട്ടലുകൾ, ബേക്കറികൾ, മറ്റ് ഭക്ഷണപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾ, ഫാമുകൾ എന്നിവ പരിശോധിക്കുകയും കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും പഴകിയ ഭക്ഷണ സാധനങ്ങൾ ജനങ്ങളിലേക്ക് എത്തുന്നില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്കും ഹെൽത്ത് കാർഡ് ഉണ്ടോയെന്ന് പരിശോധിക്കുകയും ഇല്ലാത്തപക്ഷം വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഈ പരിശോധനകളിൽ വീഴ്ച കണ്ടെത്തുന്ന സ്ഥാപനങ്ങൾക്ക് പബ്ലിക് ഹെൽത്ത് ആക്ട് 2023 പ്രകാരം നോട്ടീസ് നൽകുകയും തുടർനടപടികളുടെ ഭാഗമായി ഫൈൻ ഈടാക്കുകയും ചെയ്തു വരുന്നു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലും കൃത്യമായ ഇടവേളകളിൽ പബ്ലിക് ഹെൽത്ത് ആക്ട് കമ്മിറ്റി കൂടുകയും അതാത് തദ്ദേശ സ്വയംഭരണ പ്രദേശത്ത് നിലനിൽക്കുന്ന വിവിധ പകർച്ചവ്യാധികളുടെ വ്യാപനത്തെയും അത് തടയാനുള്ള മാർഗങ്ങളെയും കുറിച്ച് ചർച്ച ചെയ്യുകയും വേണ്ട പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.

ഇതുകൂടാതെ ഹെപ്പറ്റൈറ്റിസ് എ രോഗബാധ സംബന്ധിച്ച് പൊതുജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെ കീഴിൽ ഐ. ഇ. സി മെറ്റീരിയലുകൾ നൽകുകയും ക്ലാസുകൾ സംഘടിപ്പിക്കുകയും തിളപ്പിച്ചാറിയ വെള്ളം മാത്രമേ കുടിക്കാവൂ എന്ന് സന്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല മഞ്ഞപ്പിത്ത ബാധയുള്ളവർ ഡോക്ടർമാരുടെ

സേവനം തേടണമെന്നും ഡോക്ടർമാരുടെ നിർദ്ദേശപ്രകാരമുള്ള ചികിത്സയിൽ മാത്രമേ ഏർപ്പെടാവൂ എന്നും പൊതുജനങ്ങളെ ബോധവാന്മാരാക്കി വരുന്നു. മലിന ജലസ്രോതസ്സുകൾ ശുചീകരിക്കുന്നതിനും രോഗബാധ വ്യാപനം തടയുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ആരോഗ്യ വകുപ്പ് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഫീൽഡ് തലത്തിൽ ആശാവർക്കർമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, എം.എൽ.എസ്.പി എന്നിവർ ഭവന സന്ദർശനം നടത്തുകയും ഈ സമയത്ത് പനി, മൂത്രത്തിൽ മഞ്ഞനിറം എന്നിവയുള്ളവരെ കണ്ടുപിടിക്കുകയും അത് യഥാസമയം മെഡിക്കൽ ഓഫീസർമാരെ അറിയിക്കുകയും പ്രസ്തുത രോഗികൾക്ക് ചികിത്സ ഉറപ്പാക്കുകയും മറ്റുള്ളവർക്ക് രോഗം പടരാതിരിക്കാനുള്ള പ്രതിരോധ മാർഗങ്ങൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

ഈ രോഗം സംബന്ധിച്ച റിപ്പോർട്ടുകൾ ഐ.ഡി.എസ്.പി- എസ് ഫോം, പി ഫോം, എൽ ഫോം എന്നീ റിപ്പോർട്ടുകളിലൂടെ ഫീൽഡിൽ നിന്നും ജില്ലാതലത്തിൽ എത്തുകയും ജില്ലാതലത്തിൽ നിന്ന് സംസ്ഥാനതലത്തിൽ എത്തുകയും ചെയ്യുന്നു. ജില്ലാ-സംസ്ഥാന തലത്തിൽ എല്ലാ ദിവസവും രോഗത്തിന്റെ അവസ്ഥ അവലോകനം ചെയ്യുകയും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തുവരുന്നു. കൂടാതെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഹെപ്പറ്റൈറ്റിസ് എ മൂലമുണ്ടാകുന്ന മരണങ്ങൾ വിശദമായി അവലോകനം ചെയ്യുകയും മരണത്തിലേക്ക് നയിച്ച വിവിധ കാരണങ്ങൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കുകയും പ്രതിരോധ മാർഗ്ഗങ്ങൾ സംബന്ധിച്ചും ചികിത്സ സംബന്ധിച്ചുമുള്ള ശക്തമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ